(എ) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഉല്പാദിപ്പിക്കുന്ന ഉന്നത ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ ന്യായവിലയ്ക്ക് കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിൽനിന്നാണ് പ്രസ്തുത നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇതിനായി ഇന്ത്യൻ കാർഷിക ഗവേഷണ സമിതിക്ക് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാർഷിക സർവ്വകലാശാലയുടെ 22 ഗവേഷണ ഉല്പാദനകേന്ദ്രങ്ങളിൽ നിന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ നെല്ല്, പച്ചക്കറികൾ എന്നിവയുടെ ബ്രീഡർ വിത്തും അടിസ്ഥാനവിത്തും ഉണ്ടാക്കി പുനരുല്പാദനത്തിനുവേണ്ടി കൃഷി ഡിപ്പാർട്ടുമെന്റിന് നൽകുന്നുണ്ട്.

(ബി) ബാലരാമപുരം, കരമന, കോന്നി, തിരുവല്ല, മങ്കൊമ്പ്, പാമ്പാടുംപാറ, വൈറ്റില, ചാലക്കുടി, മണ്ണുത്തി, മാടക്കത്തറ, കണ്ണാറ, ആനക്കയം, പന്നിയൂർ, പീലിക്കോട്, തവനൂർ, കായംകുളം, വെള്ളായണി എന്നീ സ്ഥലങ്ങളിലുള്ള കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങളിൽ നിന്നും ഏകജാലക സംവിധാനമുള്ള വെള്ളായണി, സദാനന്ദപുരം, കുമരകം, ഓടക്കാലി, മണ്ണുത്തി, പട്ടാമ്പി, അമ്പലവയൽ, കോഴിക്കോട്, നീലേശ്വരം എന്നീ 9 കേന്ദ്രങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ വിൽക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പദ്ധതി സമർപ്പിച്ചിട്ടില്ല.

ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ ഡ്യൂട്ടി ഒഴിവാക്കിയ നടപടി

*15 [803] ശ്രീ. കെ. എ. ചന്ദ്രൻ:
„ സി. പി. മുഹമ്മദ്:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സൗകര്യമുപയോഗിച്ച് ശ്രീലങ്കൻ കുരുമുളകെന്ന മറയുപ യോഗിച്ച് വിയറ്റ്നാം കുരുമുളക് ഇറക്കുമതി ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുത ലെടുക്കണമെന്ന് കേന്ദ്രത്തോടാവാശ്യപ്പെട്ടു എന്ന് വെളിപ്പെടുത്താമോ;

(സി) ശ്രീലങ്കൻ കുരുമുളകിന്റെ ഇറക്കുമതിക്ക് ഡ്യൂട്ടി ഒഴിവാക്കിയതിനെ തുടർന്ന് ഇതുവരെ എത്ര ടൺ ശ്രീലങ്കൻ കുരുമുളക് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു എന്ന വിവരം ശേഖരിച്ചിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) തീരുവരഹിത ഇറക്കുമതിക്കുള്ള സൗകര്യം ദുരുപയോഗം ചെയ്ത് വിയറ്റ്നാം കുരുമുളക് ഇറക്കുമതി ചെയ്യാതിരിക്കാൻ ഇറക്കുമതി ചെയ്യുന്ന ഉല്പന്നത്തിന്റെ 'സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ' നൽകുന്നതിലും അത് സ്ഥാപിച്ചുകാണിക്കുന്നതിനും വേണ്ടുന്ന നിബന്ധനകൾ പാലിക്കുന്നതിന് ഒരു സുരക്ഷാ സംവിധാനവും അത് അവലോകനം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണമെന്ന് കേന്ദ്രസർക്കാ രിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രീലങ്കയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ 2000 മാർച്ച് 1-ന് നിലവിൽ വന്നതിനുശേഷം ഇറക്കുമതി ചെയ്ത കുരുമുളകിന്റെ അളവ് ഇപ്രകാരമാണ്.

1999-2000	..	1160 ടൺ
2000-2001	..	1749 ,,
2001-2002	..	1241 ,,
2002-2003	..	6204 ,,

(ഏപ്രിൽ മുതൽ ഫെബ്രുവരി വരെ)

2000 മാർച്ച് ഒന്നുമുതൽ ഏർപ്പെട്ട കരാർ പ്രകാരം അനുവദിച്ചിരുന്ന 90% ഇളവ് 2003 മാർച്ച് 18 മുതൽ 100% ആക്കിയതായി അറിയുന്നു.

കാർഷിക ഉല്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

*16 [804] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly